"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ. ഹംസ എം - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്

G.O.(Rt)No.1139/2020/LSGD തീയതി,തിരുവനന്തപുരം, 15/06/2020

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 05.08.2019 ലെ TCPCTP/898/2019/A3 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറൽ(എ&ഇ) യുടെ 13.11.2017ലെ GE11/A/TPH 3/0467നമ്പർ കത്ത്.

ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് 26.05.2018 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഹംസ എം ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 25.11.2018 അപരാഹ്നത്തിൽ പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാന്റെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

ടിയാൻ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. ഹംസ എം, ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം, കെ.എസ്&എസ്.എസ്.ആർ ചട്ടം 20(ബി) പ്രകാരം 25.11.2018 അപരാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJAN C V IAS
DEPUTY SECRETARY

പകർപ്പ്
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ. ഹംസ എം, ഡെപ്യൂട്ടി ടൗൺ പ്ലാനർ,
നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ